# പതിനാലാം കേരള നിയമസഭ
## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.62** **03.02.2020-ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക്ക് നിരോധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാരപരിധിയിലുള്ള കച്ചവടസ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ബദൽ NIIST-യുടെ സഹായത്തോടെ കണ്ടെത്തുവാൻ ബോർഡിനെ ചുമതലപ്പെടുത്തി ഇതിൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. 2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം ഖര മാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശസ്ഥാപനങ്ങൾക്ക് producers/brand owners ൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്. ഇതിൻ പ്രകാരം Extended Producers Responsibility fund രൂപീകരിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചു വരുന്നുണ്ട്. തുണി, പാള ഉൽപ്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള ജില്ലാ തല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും, വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (സി) | പ്ലാസ്റ്റിക് നിരോധനം നിലവിൽ വരുന്നതിനു മുൻപ് വ്യാപാരികളും കച്ചവടക്കാരും സ്റ്റോക്കുചെയ്തിട്ടുള്ള നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിച്ച് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ? | (സി) | ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം 15.1.2020 വരെ നടപടികൾ നിർത്തിവച്ചിരുന്നു. തുടർ നടപടിയായി റെയ്ഡുകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 50 മൈക്രോണിൽ താഴെയുള്ള ക്യാരി ബാഗുകൾ പിടിച്ചെടുത്ത് ഷ്രഡ് ചെയ്ത് റോഡ് ടാറിങ്ങിംഗിന് ഉപയോഗിക്കുന്നു. അല്ലാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് ക്ലീൻ കേരള കമ്പനിയ്ക്ക് എത്തിക്കുകയുമാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ